# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER | 10 | 2018 |
|---|---|---|

## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

---

# സുരക്ഷ ഉറപ്പാക്കാൻ മുൻകരുതൽ നടപടികളുമായി ഫയർഫോഴ്സ്

## എൽ.പി.ജി മാനദണ്ഡങ്ങൾ കർശനമാക്കാൻ നിർദേശം

ശബരിമല: ശബരിമലയിൽ സുരക്ഷ ഉറപ്പാക്കാൻ മുൻകരുതൽ നടപടികളുമായി ഫയർഫോഴ്സ്. ഭക്തരുടെ സുരക്ഷയ്ക്കായി അത്യാവശ്യ സംവിധാനങ്ങളെല്ലാം സജ്ജമാക്കി മൂന്ന് വിധത്തിലാണ് ഫയർഫോഴ്സിന്റെ പ്രവർത്തനം. സുരക്ഷിതമായ പാചകവാതക ഉപയോഗം ഉറപ്പുവരുത്താൻ ദേവസ്വം ബോർഡ് ജീവനക്കാരെയും ഹോട്ടൽ ഉടമകളെയും തൊഴിലാളികളെയും ബോധവത്ക്കരിച്ച ഉദ്യോഗസ്ഥർ സുരക്ഷാ പരിശോധനയും തുടരുകയാണ്. ഹോട്ടലുകളിലെ പാചകവാതക ഉപയോഗത്തിനുള്ള മാനദണ്ഡങ്ങൾ കർശനമായി നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് ഫയർഫോഴ്സ് ദേവസ്വം ബോർഡിന് നോട്ടീസ് നൽകി. വീഴ്ച വരുത്തുന്നവർക്കെതിരെ ശക്തമായ നടപടിയ്ക്കാണ് നിർദേശം. ഇക്കാര്യങ്ങളിൽ കച്ചവട സ്ഥാപന ഉടമകളിലും ഭക്തരിലും അവബോധമുണ്ടാക്കാൻ ശബരിമലയിലെ പ്രധാന ആറ് കേന്ദ്രങ്ങളിൽ ബോർഡുകൾ സ്ഥാപിക്കാൻ ഫയർഫോഴ്സ് നിർദേശിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പാണ്ടിത്താവളത്ത് സുരക്ഷാ മുന്നറിയിപ്പ് ബോർഡ് സ്ഥാപിച്ചു.

സന്നിധാനം, പമ്പ ഉൾപ്പെടെയുള്ള മറ്റിടങ്ങളിലും വരും ദിവസങ്ങളിലായി ബോർഡുകൾ സ്ഥാപിക്കും.ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും പരിശോധന തുടരുന്ന ഉദ്യോഗസ്ഥർ കഴിഞ്ഞ ദിവസം അപ്പം, അരവണ പ്ലാന്റിലും പരിശോധന നടത്തിയിരുന്നു. വരും ദിവസങ്ങളിലും പരിശോധനയും നടപടിയും തുടരുമെന്ന് ഫയർഫോഴ്സ് സ്പെഷ്യൽ ഓഫീസർ അരുൺ ഭാസ്ക്കർ പറഞ്ഞു. ഭക്തരുടെ സുരക്ഷ മുൻനിർത്തി കൺട്രോൾ റൂം, സോപാനം, നടപ്പന്തൽ, ഭസ്മക്കുളം, കൊപ്രക്കളം, മാളികപ്പുറം, പാണ്ടിത്താവളം, കെ.എസ്.ഇ.ബി, മരക്കൂട്ടം, ശരംകുത്തി എന്നീ മേഖലകൾ കേന്ദ്രീകരിച്ച് 66 ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഫയർഫോഴ്സ് ടീമാണ് മുഴുവൻ സമയ സേവന സന്നദ്ധരായി നിലയുറപ്പിച്ചിരിക്കുന്നത്. മകരവിളക്ക് സമയത്ത് കൂടുതൽ ഫയർഫോഴ്സ് ഉദ്യോഗസ്ഥരെ സോപാനത്ത് വിന്യസിക്കും. നവംബർ 15 മുതൽ ഇതുവരെയുള്ള കാലയളവിൽ ആകെ 34 കേസുകളാണ് ഫയർഫോഴ്സിൽ റിപ്പോർട്ട് ചെയ്തത്. സ്റ്റേഷൻ ഓഫീസർ ആർ ഹിതേഷ്, അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർമാരായ ജി രവീന്ദ്രൻ നായർ, ടി വിജയൻ, കെ.ടി അശോക് കുമാർ എന്നിവരുടെ നേതൃത്വത്തിലാണ് പ്രവർത്തനം.

***(പി.ആർ. ശബരി-273)***

## <u>ശബരിമലയിൽ അടിയന്തര ഘട്ടങ്ങളിൽ ഇടപൊൻ റാപ്പിഡ് റെസ്പോൺസ് ആന്റ് റസ്ക്യു ഫോഴ്സ്</u>

***പ്രമുഖർക്ക് സുരക്ഷയൊരുക്കാനും ചുമതല**

ശബരിമല: ശബരിമലയിൽ അടിയന്തര ഘട്ടങ്ങളിൽ ഇടപെടാനും മന്ത്രിമാർ ഉൾപ്പെടെയുള്ള പ്രമുഖർക്ക് സുരക്ഷയൊരുക്കാനും പ്രത്യേകം പരിശീലനം ലഭിച്ച റാപ്പിഡ് റെസ്പോൺസ് ആന്റ് റസ്ക്യു ഫോഴ്സ്. നിലയ്ക്ക്, പമ്പ, സന്നിധാനം എന്നിവിടങ്ങളിലായി 25 വീതം റാപ്പിഡ് റെസ്പോൺസ് ആന്റ് റസ്ക്യു ഫോഴ്സ് ടീമിനെയാണ് നിയോഗിച്ചിരിക്കുന്നത്. കണ്ണൂർ, കോഴിക്കോട്, തൃശൂർ, എറണാകുളം, കൊല്ലം, തിരുവനന്തപുരം ബറ്റാലിയനുകളിൽ നിന്നായി ഡെപ്യൂട്ടേഷനിലെത്തിയവരാണ് ടീം അംഗങ്ങൾ. പ്രത്യേക യൂനിഫോമിലുള്ള സേന ഭക്തർക്കാവശ്യമായ ഘട്ടങ്ങളിലും സഹായത്തിനെത്തും. ഡിസംബർ ആറിന് ശബരിമലയിൽ പോലീസിനും കമാന്റുകൾക്കുമൊപ്പം പ്രത്യേക നിരീക്ഷണത്തിനും സുരക്ഷയൊരുക്കാനും റാപ്പിഡ് റെസ്പോൺസ് ആന്റ് റസ്ക്യു ഫോഴ്സും സജീവമായിരുന്നു. മന്ത്രിമാർ, ഹൈക്കോടതി, സെക്രട്ടേറിയറ്റ്, രാജ്ഭവൻ

എന്നിവടങ്ങളിലെ പ്രമുഖർ മറ്റ് വി.ഐ.പികൾ എന്നിവർക്ക് ശബരിമലയിൽ സുരക്ഷയൊരുക്കുന്നതും ഈ സേനയാണ്. പ്രളയകാലത്ത് കേരളത്തിൽ പലയിടങ്ങളിലും രക്ഷാപ്രവർത്തനത്തിനും പുനരധിവാസത്തിനുമായി നിർണായക ഇടപെടൽ നടത്തി റാപ്പിഡ് റെസ്പോൺസ് ആന്റ് റസ്ക്യു ഫോഴ്സ് ശ്രദ്ധനേടിയിരുന്നു. ശബരിമലയിൽ സന്നിധാനത്തെ ക്രമസമാധാനപാലന ചുമതലയുള്ള സ്പെഷ്യൽ ഓഫീസർ ബൈജുവിന്റെ കീഴിലാണ് സേനയുടെ പ്രവർത്തനം. യു ഷറഫലിയാണ് റാപ്പിഡ് റെസ് പോൺസ് ആന്റ് റസ്ക്യു ഫോഴ്സിന്റെ കമാഡന്റ്.

***(പി.ആർ. ശബരി-274)***

## ശബരിമലയിൽ നിന്ന് ഇതുവരെ പിടികൂടിയത് 97 പാമ്പുകളെ

ശബരിമല: ശബരിമലയിൽ നിന്ന് വനം വകുപ്പ് അധികൃതർ പിടികൂടി ഇതിനകം ഉൾക്കാട്ടിലേക്കയച്ചത് 97 പാമ്പുകളെ. മൂർഖൻ, അണലി, വെള്ളിക്കെട്ടൻ, ചുരുട്ട, കാട്ടുപാമ്പ്, ചേര തുടങ്ങിയ ഇനങ്ങളെയാണ് പിടികൂടിയത്. മാളികപ്പുറം, പാണ്ടിത്താവളം എന്നിവിടങ്ങളിലാണ് ഇതുവരെ കൂടുതലായും പാമ്പിന്റെ സാന്നിധ്യമുണ്ടായത്. വനം വകുപ്പ് അധികൃതർ വണ്ടിപ്പെരിയാർ സ്വദേശിയായ പാമ്പുപിടുത്തക്കാരൻ സെൽവൻ കൃഷ്ണന്റെ സഹായത്തോടെയാണ് പാമ്പുകളെ പിടികൂടുകയായിരുന്നു. കച്ചവടക്കാരും പോലീസ് ഉദ്യോഗസ്ഥരും അറിയിക്കുന്നതു പ്രകാരമാണ് വനം വകുപ്പ് നടപടി. സന്നിധാനത്തെയും പമ്പയിലെയും കൺട്രോൾ റൂമുകളുടെ നിയന്ത്രണ ചുമതലയുള്ള ഫോറസ്റ്റ് അസിസ്റ്റന്റ് കൺസർവേറ്റർ സജീവ് കുമാറിന്റെ നിർദേശാനുസരണം കൺട്രോൾ റൂം റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരായ ഹിലാൽ ബാബു, സനൂഷ് എന്നിവരാണ് തുടർനടപടികൾ സ്വീകരിക്കുന്നത്. സന്നിധാനത്തെ കൺട്രോൾ റൂമിൽ 15 വനം വകുപ്പ് ഉദ്യോഗസ്ഥരും പമ്പയിൽ 30ലധികം ഉദ്യോഗസ്ഥരുമാണ് ഡ്യൂട്ടിയിലുള്ളത്.

***(പി.ആർ. ശബരി-275)***

## വന്യമൃഗങ്ങൾക്ക് ഭക്ഷണം കൊടുക്കരുത്, പാമ്പുകളെ സ്വയം പിടിക്കരുത്

ശബരിമല: അയ്യപ്പഭക്തർ വന്യമൃഗങ്ങൾക്ക് ഭക്ഷണം കൊടുക്കുകയോ പാമ്പുകളെ കാണുമ്പോൾ സ്വയം പിടികൂടാൻ ശ്രമിക്കുകയോ ചെയ്യരുതെന്ന്

വനം വകുപ്പ്. മരക്കൂട്ടം-സന്നിധാനം വഴിയെത്തുന്ന ഭക്തർ കുരങ്ങുകൾക്ക് ഭക്ഷണം കൊടുക്കുന്നതും സെൽഫിയെടുക്കുന്നതും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് വനം വകുപ്പ് അധികൃതരുടെ മുന്നറിയിപ്പ്. മാളികപ്പുറം-പാണ്ടിത്താവളം മേഖലയിൽ കണ്ട പാമ്പുകളിൽ ചിലതിനെ കച്ചവടക്കാർ പിടികൂടാൻ ശ്രമിച്ചിരുന്നു. ഇതു അപകടത്തിനിടയാക്കുമെന്നതിനിലാണ് മുൻകരുതൽ നിർദേശം. പാമ്പുകളെ കണ്ടാൽ ഉടൻ വിവരമറിയിക്കണമെന്ന് കൺട്രോൾ റൂം റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർ അറിയിച്ചു. കുരങ്ങുകൾ അടക്കമുള്ള വന്യമൃഗങ്ങൾ പുറമെ നിന്നുള്ള ഭക്ഷണം കഴിച്ച് ശീലിച്ചാൽ ഭക്ഷണത്തിനായി ഭക്തരെ ആക്രമിക്കുന്ന സ്ഥിതിയുണ്ടാകുമെന്ന് വനം വകുപ്പ് ഉദ്യോഗസ്ഥർ പറഞ്ഞു. എന്നാൽ പന്നികളല്ലാതെ മറ്റു വന്യമൃഗങ്ങളുടെ ശല്യം ഇതുവരെ ഉണ്ടായിട്ടില്ലെന്ന് റെയ്ഞ്ച് ഓഫീസർമാർ അറിയിച്ചു. പാമ്പുകളുടെയോ വന്യമൃഗങ്ങളുടെയോ ശല്യമുണ്ടായാൽ ഉടൻ അറിയിക്കണമെന്നാണ് നിർദേശം. ഫോൺ: 04735202077,04735 202074.

***(പി.ആർ. ശബരി-276)***

## <u>അയ്യപ്പന്റെ ഗോപാലകനായി വംഗദേശി ആനന്ദ്സാമന്ത</u>

ശബരിമല: ഏകദേശം മൂന്ന് വർഷംമുമ്പാണ് ആനന്ദ് ശബരിമല കയറുന്നത് അയ്യപ്പന്റെ ഗോപാലകനാവാൻ. അന്നുമുതൽ ഇന്നുവരെ സന്നിധാനം ഗോശാലയുടെ മേൽനോട്ടക്കാരനാണ് പശ്ചിമബംഗാൾ ഉത്തർഗോപാൽനഗർ സ്വദേശിയായ ആനന്ദ് സാമന്ത. വർഷത്തിൽ ഒരുമാസം നാട്ടിൽ പോകുന്നതൊഴിച്ചാൽ പൈക്കളെമേച്ചും, കുളിപ്പിച്ചും, പാൽക്കറന്നും, ഗോശാലതൂത്തും കറന്നെടുക്കുന്ന പാൽ കൃത്യമായി അയ്യപ്പന് അഭിഷേകത്തിനെത്തിച്ചും ആനന്ദ് സാമന്ത സന്നിധാനത്തുണ്ട്. സന്നിധാനം ഭസ്മക്കുളത്തിന് മുകളിലെ വഴിയിലെ ഗോശാലയിൽ.

പുലർച്ചെ ഒരുമണിയോടെ തുടങ്ങുന്നു ആനന്ദിന്റെ കർമ്മകാണ്ഡം. ഗോശാലകഴുകി ശുദ്ധിയോടെ പുലർച്ചെ രണ്ടിന് പാൽകറന്ന് മൂന്നുമണിയ്ക്ക് നട തുറക്കുന്നതിന് മുമ്പ് ക്ഷേത്രത്തിലെത്തിക്കുന്നു. തുടർന്ന് അൽപ്പസമയം വിശ്രമം. പശുക്കൾക്ക് തീറ്റയും വെള്ളവും നൽകിയശേഷം അവയെ കുളിപ്പിച്ച് വൃത്തിയാക്കി അൽപ്പനേരം ഉറക്കം. വീണ്ടും ഉച്ചയ്ക്ക് മൂന്നിന് പാൽകറന്ന് ക്ഷേത്രത്തിലേയ്ക്ക്. പ്രാതൽ മുതൽ അത്താഴംവരെ ദേവസ്വത്തിന്റെ ഭോജനശാലയത്തിൽനിന്ന് കഴിക്കും. പശുക്കൾക്കുള്ള വൈക്കോലും

പച്ചക്കറി, അവശിഷ്ടങ്ങളും, പഴത്തൊലിയും യഥേഷ്ടം ലഭിക്കുന്നതിനാൽ കന്നുകാലികൾക്ക് ആഹാരത്തിന് മുട്ടില്ലെന്ന് ആനന്ദിന്റെ സാക്ഷ്യം. സീസൺ കഴിഞ്ഞ് ആളൊഴിഞ്ഞാൽ ആനന്ദ് പശുക്കളെ ഗോശാലയിൽനിന്നും പുറത്തിറക്കി മേയാൻ കൊണ്ടുപോകും. പുൽമേടുകളുള്ളതിനാൽ പച്ചപുല്ലിനും ക്ഷാമമില്ല.

ഗോശാലയിൽ ഒരുകിടാവുൾപ്പടെ 25 കന്നുകാലികളാണുള്ളത്. ഇതിൽ നാലെണ്ണം കാളകളാണ്. എച്ച്.എഫ്, വി വിധസങ്കരയിനം, വെച്ചൂർ എന്നീയിനങ്ങളാണ് ഗോശാലയിലെ അംഗങ്ങൾ. കൂട്ടിന് 21 കോഴികളും അഞ്ച് ആടുകളുമുണ്ട്. ഫാൻ, ലൈറ്റുകൾ ഉൾപ്പടെ എല്ലാ സൗകര്യങ്ങളും ഗോശാലയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഗോശാലയോട് ചേർന്നുള്ള മുറിയിലാണ് ആനന്ദിന്റെ കിടപ്പും ഉറക്കവും. പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരിയിൽ വേരുകളുള്ള കൊല്ലത്ത് താമസിക്കുന്ന ഒരു ഭക്തൻ വർഷങ്ങൾക്കുമുമ്പ് അയ്യപ്പസ്വാമിയ്ക്ക് നൽകിയ പശുക്കൾ പെറ്റുപെരുകിയാണ് സന്നിധാനത്തെ ഗോശാല വിപുലമായത്. ഇപ്പോഴും ഗോശാലയുടെ കാര്യങ്ങൾ നിയന്ത്രിക്കുന്നത് ഇദ്ദേഹത്തിന്റെ മേൽനോട്ടത്തിലാണ്. ആന്ദിനുള്ള പ്രതിഫലവും ഇദ്ദേഹം നൽകുന്നു. ആറുവർഷം മുമ്പ് ചെർപ്പളശ്ശേരിയിൽ കെട്ടിട നിർമ്മാണപണിയ്ക്കെത്തിയ ആനന്ദ് മൂന്നുവർഷത്തിനുശേഷം ഇദ്ദേഹത്തിന്റെ നിർദേശാനുസരണം സന്നിധാനത്ത് എത്തുകയായിരുന്നു. ഒരുനിയോഗംപോലെ അയ്യപ്പന്റെ ഗോക്കളെ നോക്കി ആനന്ദ് സാമന്ത തന്റെ കർമ്മകാണ്ഡം തുടരുന്നു.

***(പി.ആർ. ശബരി-277)***

## <u>അടുത്തവർഷം ഗോശാല വിപുലികരിക്കും</u>

ശബരിമല: ഗോക്കൾ പെറ്റുപെരുകുന്നതിനാൽ നിലവിലുള്ള ഗോശാല പുതി യൊരിടത്തേയ്ക്ക് മാറ്റി വിപുലീകരിക്കുമെന്ന് എക്സിക്യൂട്ടീവ് ഓഫീസർ ഡി. സുധീഷ്കുമാർ പറഞ്ഞു. അയ്യപ്പസ്വാമിയുടെ അഭിഷേകത്തിനും മറ്റ് ക്ഷേത്രാവശ്യങ്ങൾക്കുമുള്ള പാലിനായി ഒരയ്യപ്പഭക്തൻ കാണിക്കയായി നൽകിയ ഗോക്കളുമായാണ് സന്നിധാനത്ത് ഗോശാല തുടങ്ങിയത്. ആ ക ന്നുകാലികളുടെ കിടാങ്ങളാണ് ഇന്ന് ഗോശാലയിലുള്ളത്.

പശുക്കളുടെ പരിപാലനവും മറ്റ് കാര്യങ്ങളും നോക്കുന്നത് ഈ അയ്യപ്പഭക്തനാണ്. നിലവിൽ ഗോശാലയിൽ ആവശ്യത്തി

ന് സൗകര്യങ്ങളുണ്ടെങ്കിലും ഭാവിയിൽ ഇത് മതിയാകാതെ വരും. ഈ സാഹചര്യത്തിലാണ് ഗോശാല വിപുലീകരിക്കുന്നതെന്ന് എക്സിക്യൂട്ടീവ് ഓഫീസർ പറഞ്ഞു.

*(പി.ആർ. ശബരി–278)*


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER 10 | 2018 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

---

### ശബരിമല ശ്രീകോവിൽ: പുതിയ സ്വർണവാതിലിന്റെ അളവെടുപ്പ് കഴിഞ്ഞു

ശബരിമല: നൂറുവർഷം പഴക്കമുള്ള ഒറ്റത്തടി നിലമ്പൂർ തേക്കിൽ ശബരിമല ശ്രീകോവിലിന് പുതിയ സ്വർണവാതിൽ ഒരുങ്ങുന്നു. മിനുക്കുപണികൾക്ക് ശേഷം ബംഗളുരുവിൽ നിന്ന് ഇന്നലെ (10.12.2018)ന് സൂത്രപ്പട്ടിക ഉൾപ്പെടെയുള്ള തേക്കിൻ തടികൾ ശബരിമല സന്നിധാനത്തെത്തിച്ച് ശ്രീകോവിൽ നടയിൽ സ്ഥാപിച്ച് അളവ് ഉറപ്പുവരുത്തി. ഗുരുവായൂർ ക്ഷേത്ര ശ്രീകോവിൽ വാതിൽ പണിത പാരമ്പര്യ തച്ചൻ നന്ദനും അദ്ദേഹത്തിന്റെ ശിഷ്യൻമാരായ വിനോദ് ചെർപ്പുളശ്ശേരി, പ്രവീൺ ചെർപ്പുളശ്ശേരി, നവീൻ ഗുരുവായൂർ എന്നിവർ ചേർന്ന് ശ്രീകോവിൽ വാതിലിന്റെ മിനുക്കുപണികൾ പൂർത്തീകരിച്ച വാതിൽപാളികൾ ഇന്നലെ (10.12.2018 )ന് ഉച്ചയ്ക്ക് രഠ ാടെ കോട്ടയം പള്ളിക്കത്തോട് ഇളമ്പള്ളി ശ്രീധർമ്മശാസ്ത്രാ ക്ഷേത്രം ഉപദേശക സമിതി സെക്രട്ടറി ബിജു കണിയാമ്പറത്തിന്റെയും ക്ഷേത്രവിശ്വാസി സി.കെ വാസുദേവന്റെയും നേതൃത്വത്തിൽ സന്നിധാനത്തെത്തിക്കുകയായിരുന്നു.

തുടർന്ന് നിലവിലെ ശ്രീകോവിൽ വാതിലുമായി ചേർത്തുവെച്ച് തന്ത്രിയുടെ സാന്നിധ്യത്തിൽ അളവ് ഉറപ്പുവരുത്തി. ഇതിന് ശേഷം വാതിൽ സ്വർണം പൂശാനായി ഹൈദ്രബാദിലേക്ക് കൊ ുപോകും. തിരുപ്പതി,

ധർമ്മസ്ഥല, അജന്ത തുടങ്ങിയ പ്രമുഖ ക്ഷേത്രങ്ങളുടെ ശ്രീകോവിൽ വാതിൽ സ്വർണം പൂശി മികവു തെളിയിച്ച ഹൈദ്രബാദിൽ നിന്നുള്ള നാലംഗ സംഘമാണ് ഈ വാതിലിന്റെയും സ്വർണം പൂശുന്ന ജോലികൾ നിർവ്വഹിക്കുക. ചെമ്പുകൊ ് പൊതിഞ്ഞ് കൊത്തുപണികൾ പൂർത്തിയാക്കിയ ശേഷമായിരിക്കും സ്വർണം പൂശുക. നാലുകിലോയിലധികം സ്വർണം ഇതിനായി വേ ി വരും. ഒരുമാസത്തിനകം സ്വർണം പൂശൽ പ്രവൃത്തികൾ പൂർത്തീകരിക്കും.തുടർന്ന് മീനത്തിലെ പൈങ്കുനി ഉത്സവത്തോടനുബന്ധിച്ച് സ്വർണവാതിൽ ഹൈദ്രബാദിൽ നിന്നുകൊ ് വന്ന് ശബരിമല ശ്രീകോവിലിൽ സ്ഥാപിക്കും. ശ്രീകോവിൽ വാതിലിലെ സ്വർണം പൂശൽ ചെലവ് ഹൈദ്രബാദിലെ ബിസിനസുകാരന്റെ സമർപ്പണമാണ്. തേക്കിൻ തടിയും മിനുക്കുപണിയും ഇളമ്പള്ളി ശ്രീധർമ്മശാസ്ത്രാ ക്ഷേത്ര വിശ്വാസികളുടെ വകയുമാണ്. ശബരിമല സോപാനത്തെ മണിമണ്ഡപവും കഴിഞ്ഞ വർഷം ഇതേ ക്ഷേത്രവിശ്വാസികളുടെ സമർപ്പണമായാണ് സ്ഥാപിച്ചത്. ശബരിമല ശ്രീകോവിൽ വാതിലിന്റെ തകരാർ കണക്കിലെടുത്തും മാറ്റിപണിയണമെന്ന ദേവപ്രശ്നത്തിന്റെ അടിസ്ഥാനത്തിലുമാണ് പുതിയ ശ്രീകോവിൽ സ്ഥാപിക്കുന്നത്.

(പി.ആർ. ശബരി-279)

## ഇന്ന് (ഡിസംബർ 11ന്) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല: ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ ഇന്ന് (ഡിസംബർ 11 ന്) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: എസ്.ബി ആൻഡ് സൺസ് മെഡിക്കൽസ് പത്തനംതിട്ട, നീതി മെഡിക്കൽ സ്റ്റോർ കോന്നി, നീതി മെഡിക്കൽ സ്റ്റോർ കോഴഞ്ചേരി, ജൻ ഔഷധി മെഡിക്കൽ സ്റ്റോർ അടൂർ, സെന്റ് മേരീസ് മെഡിക്കൽസ് പന്തളം, ഷാ മെഡിക്കൽസ് മുത്തൂർ, പുതുക്കടയിൽ മെഡിക്കൽസ് റാന്നി, ശ്രീ അയ്യപ്പാമെഡിക്കൽ കോളേജ് ഫാർമസി വടശ്ശേരിക്കര.

(പി.ആർ. ശബരി-280)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.